REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-03-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിൽ പത്രികാ സമർപ്പണം പുരോഗമിക്കുന്നു.**
- **നിയമസഭാ തിരഞ്ഞെടുപ്പിന് കോൺഗ്രസ് രണ്ടാം സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കി.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി, ഖത്തർ, ജോർദാൻ ഭരണത്തലവൻമാരുമായി പശ്ചിമേഷ്യൻ സംഘർഷം ടെലിഫോണിൽ ചർച്ച ചെയ്തു.**
- **ഇസ്ലാംമത വിശ്വാസികൾ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിക്കുന്നു.**
- **ഓർലിയൻസ് മാസ്റ്റേഴ്സ് ബാഡ്മിന്റണിൽ മൂന്ന് ഇന്ത്യൻ താരങ്ങൾ വനിതാ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിന് പത്രികാ സമർപ്പണം പുരോഗമിക്കുന്നു. പത്രിക നൽകാൻ രണ്ട് പ്രവൃത്തി ദിവസം മാത്രം ശേഷിക്കെ 32 പേരാണ് പത്രിക നൽകിയത്. മുഖ്യമന്ത്രി പിണറായി വിജയനും, UDF ലെ ബിന്ദു കൃഷ്ണയും UDF ലെ തന്നെ T.N പ്രതാപനും ഇന്നലെ പത്രിക നൽകിയ പ്രമുഖരിൽ ഉൾപ്പെടുന്നു. തിരുവനന്തപുരം, തൃശൂർ ജില്ലകളിൽ മറ്റു ചില കക്ഷികളുടെ സ്ഥാനാർത്ഥികളും പത്രിക നൽകിയിട്ടുണ്ട്.

എറണാകുളം ജില്ലയിൽ IUML സ്ഥാനാർത്ഥിയും, CPIM, കേരള കോൺഗ്രസ്, കക്ഷിരഹിതൻ എന്നിവരടക്കം നാല് പേരാണ് ഇന്നലെ പത്രിക നൽകിയത്.

കൊല്ലം ജില്ലയിൽ കോൺഗ്രസിലെ CR മഹേഷും, ഐഷാ പോറ്റിയും ഉൾപ്പെടെ ഏഴ് പേരാണ് ഇന്നലെ പത്രിക നൽകിയത്.

✪✪✪

സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിന് കോൺഗ്രസ് രണ്ടാം സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കി. 37 സ്ഥാനാർത്ഥികളെയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. VS ശിവകുമാർ, KS ശബരിനാഥ്, സന്ദീപ് വാര്യർ തുടങ്ങിയവർ രണ്ടാം പട്ടികയിലുണ്ട്. നേരത്തെ 55 സ്ഥാനാർത്ഥികളുടെ ആദ്യപട്ടിക കോൺഗ്രസ് പുറത്തുവിട്ടിരുന്നു.

കണ്ണൂർ ജില്ലയിലെ മൂന്ന് മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികൾ പട്ടികയിലുണ്ട്. കണ്ണൂരിൽ T.O.മോഹനനും, മട്ടന്നൂരിൽ ചന്ദ്രൻ തില്ലങ്കേരിയും, കല്യാശ്ശേരിയിൽ രാജീവൻ കപ്പച്ചേരിയും മത്സരിക്കും.

പയ്യന്നൂരിൽ V കുഞ്ഞികൃഷ്ണനും, തളിപ്പറമ്പിൽ T.K ഗോവിന്ദനും UDF സ്വതന്ത്രരായി മത്സരിക്കും. NDA സ്ഥാനാർഥികളായി ധർമ്മടത്ത് K രഞ്ജിത്തും, തലശ്ശേരിയിൽ O. നിധീഷും, മട്ടന്നൂരിൽ ബിജു ഏളക്കുഴിയും, കല്യാശേരിയിൽ A.V സുനിൽകുമാറും, കൂത്തുപറമ്പിൽ G ഷിജിലാലും മത്സരിക്കും.

✪✪✪

തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം ഉറപ്പാക്കുന്നതിന് തയ്യാറാക്കിയ ഇലക്ഷൻ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം, E- വിദ്യ സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ ഉദ്ഘാടനം ചെയ്തു. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരമൊരു പ്ലാറ്റ്ഫോം ഏർപ്പെടുത്തുന്നത്. ഇതോടെ എല്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും ഒരേ നിലവാരത്തിൽ പരിശീലനം ലഭ്യമാകും.

✪✪✪

ഭിന്നശേഷിക്കാരായി വോട്ടർ പട്ടികയിൽ രേഖപ്പെടുത്തിയവർക്ക് ബാലറ്റ് പേപ്പർ വീട്ടിൽ എത്തിക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇതിനു പുറമെ തിരഞ്ഞെടുപ്പ് കമ്മീഷൻ അവശ്യ സർവീസായി ഉൾപ്പെടുത്തിയ 14 വകുപ്പുകളിലെ ജീവനക്കാർക്കും പോസ്റ്റൽ ബാലറ്റ് വഴി വോട്ട് രേഖപ്പെടുത്താൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. 85 ന് മേൽ പ്രായക്കാർക്കും വീട്ടിലിരുന്ന് വോട്ട് ചെയ്യാം. പോളിംഗ് ബൂത്തുകളിൽ ഡ്യൂട്ടിയ്ക്ക് നിയോഗിച്ച ജീവനക്കാർക്കും പോസ്റ്റൽ ബാലറ്റ് അനുവദിച്ചിട്ടുണ്ട്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിലെ ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീനുകളുടെ ആദ്യഘട്ട റാൻഡമൈസേഷൻ കണ്ണൂരിൽ പൂർത്തിയായി. ജില്ലാ കളക്ടർ അരുൺ K വിജയന്റെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ സാന്നിധ്യത്തിലാണ് റാൻഡമൈസേഷൻ നടത്തിയത്.

കോട്ടയം ജില്ലയിലും വോട്ടിംഗ് യന്ത്രങ്ങളുടെ റാൻഡമൈസേഷൻ പൂർത്തിയായി.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പൊതു നിരീക്ഷകർ ജില്ലകളിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായി കൂടിക്കാഴ്ചയും, തിരഞ്ഞെടുപ്പ് തയാറെടുപ്പുകളുടെ വിലയിരുത്തലും ആരംഭിച്ചു. കോഴിക്കോട്, തിരുവനന്തപുരം അടക്കം ജില്ലകളിൽ നിരീക്ഷകർ യോഗം ചേർന്നു. ആന്റിഡിഫയ്സ്മെന്റ് സ്ക്വാഡുകളുടെ പരിശോധനയും തുടരുകയാണ്. ജില്ലകളിൽ മീഡിയ സർട്ടിഫിക്കേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനവും ആരംഭിച്ചു.

തിരുവനന്തപുരത്ത് വോട്ടർ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന സ്വീപ്പിന്റെ ലോഗോ ജില്ലാകലക്ടർ പ്രകാശനം ചെയ്തു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികളും, സുരക്ഷാ പ്രശ്നങ്ങളും, C വിജിൽ ആപ്പിന്റെ പ്രവർത്തനവും, ഹോം വോട്ടിങ്ങും സംബന്ധിച്ച് പൊതുജനങ്ങൾക്ക് നിരീക്ഷകരെ നേരിൽ കാണാം.

✪✪✪

ഭിന്നശേഷിക്കാരായി വോട്ടർ പട്ടികയിൽ രേഖപ്പെടുത്തിയവർക്ക് ബാലറ്റ് പേപ്പർ വീട്ടിൽ എത്തിക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇതിനു പുറമെ തിരഞ്ഞെടുപ്പ് കമ്മീഷൻ അവശ്യ സർവീസായി ഉൾപ്പെടുത്തിയ 14 വകുപ്പുകളിലെ ജീവനക്കാർക്കും പോസ്റ്റൽ ബാലറ്റ് വഴി വോട്ട് രേഖപ്പെടുത്താൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. 85 ന് മേൽ പ്രായക്കാർക്കും വീട്ടിലിരുന്ന് വോട്ട് ചെയ്യാം. പോളിംഗ് ബൂത്തുകളിൽ ഡ്യൂട്ടിയ്ക്ക് നിയോഗിച്ച ജീവനക്കാർക്കും പോസ്റ്റൽ ബാലറ്റ് അനുവദിച്ചിട്ടുണ്ട്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി കേരള -കർണാടക അതിർത്തിയായ കണ്ണൂർ കൂട്ടുപുഴയിൽ പരിശോധന കർശനമാക്കി. സ്റ്റാറ്റിക് സർവേയലൻസ് ടീമിന്റെ നേതൃത്വത്തിൽ ഇലക്ഷൻ ചെക്ക് പോസ്റ്റ് സ്ഥാപിച്ചാണ് പരിശോധന തുടങ്ങിയത്. ലഹരി വസ്തുക്കൾ, കള്ളപ്പണം,

ആയുധം, സ്ഫോടകവസ്തുക്കൾ എന്നിവയുടെ  കടത്ത് തടയാനാണ് 24 മണിക്കൂറും നീളുന്ന പരിശോധന.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിൽ  മലപ്പുറം ജില്ലയിലെ മൂന്ന് മണ്ഡലങ്ങളിൽകൂടി LDF സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. കൊണ്ടോട്ടിയിൽ ഡോ. P ജിജിയും, കോട്ടയ്ക്കലിൽ K.പ്രീതിയും മത്സരിക്കും. തിരൂരിൽ V.V അബ്ദുറഹ്മാനാണ് ഇടതുപക്ഷ സ്വതന്ത്ര സ്ഥാനാർഥി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി, ഖത്തർ അമീർ ഷെയ്ക്ക് തമീം ബിൻ ഹമദ് അൽതാനിയുമായും, ജോർദാൻ രാജാവ് അബ്ദുല്ല രണ്ടാമനുമായും പശ്ചിമേഷ്യൻ സംഘർഷത്തെപ്പറ്റി ടെലിഫോണിൽ ചർച്ച നടത്തി. പശ്ചിമേഷ്യയിലെ സംഭവ വികാസങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച മൂന്ന് നേതാക്കളും മേഖലയിൽ സമാധാനം, സുരക്ഷ, സ്ഥിരത എന്നിവ പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകത എടുത്തുപറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾക്കെതിരായ ആക്രമണങ്ങളെ ഇന്ത്യ ശക്തമായി അപലപിക്കുന്നതായും ഖത്തറിനോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതായും ഖത്തർ അമീറുമായി സംസാരിച്ച  നരേന്ദ്രമോദി വ്യക്തമാക്കി.

ഹോർമൂസ് കടലിടുക്കിലൂടെ സ്വതന്ത്ര കപ്പൽ സഞ്ചാരത്തിന് ഇന്ത്യയും ഖത്തറും അനുകൂലമായി  നിലകൊള്ളുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ചരക്കുകളുടെയും എണ്ണയുടെയും തടസ്സമില്ലാത്ത ഗതാഗതത്തിന് ഇന്ത്യയും ജോർദാനും പിന്തുണ നൽകുന്നുണ്ടെന്ന് അദ്ദേഹം സ്ഥിരീകരിച്ചു. മേഖലയിൽ കുടുങ്ങിക്കിടക്കുന്ന ഇന്ത്യക്കാരുടെ സുരക്ഷിതമായ തിരിച്ചു വരവിനു സഹായകമാകുന്ന ജോർദാന്റെ ശ്രമങ്ങളെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

✪✪✪

ഗൾഫ് മേഖലയിലെ എണ്ണപ്പാടങ്ങൾക്ക് നേരെ  ഉണ്ടായ ആക്രമണങ്ങളിൽ ഇന്ത്യ ആശങ്ക അറിയിച്ചു. ഊർജ്ജ അടിസ്ഥാന സൗകര്യങ്ങൾ ലക്ഷ്യമിട്ട ആക്രമണം അസ്വസ്ഥത ഉളവാക്കുന്നതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. ഇത് ആഗോള ഊർജ്ജ സാഹചര്യത്തെ കൂടുതൽ അസ്ഥിരപ്പെടുത്തുമെന്നും ആക്രമണങ്ങൾ അസ്വീകാര്യമാണെന്നും

ഉടൻ അവസാനിപ്പിക്കണമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഇറാനെതിരായ സൈനിക നീക്കത്തിലൂടെ ഇസ്രായേലും അമേരിക്കയും ലോകത്തെ മുഴുവൻ സംരക്ഷിക്കുകയാണെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു. ആക്രമണങ്ങൾ ഇറാന്റെ സൈനിക ശേഷിയെ ഗണ്യമായി കുറച്ചെന്ന് നെതന്യാഹു ജറുസലേമിൽ അറിയിച്ചു. ആഗോള എണ്ണപാത തടസ്സപ്പെടുത്തി ലോകത്തെ ബ്ലാക്ക് മെയിൽ ചെയ്യാനാണ് ഇറാന്റെ ശ്രമമെന്നും അത് നടക്കില്ലെന്നും ബഞ്ചമിൻ നെതന്യാഹു പറഞ്ഞു.

✪✪✪

ഇന്നത്തെ ഇൻഡോർ-ഷാർജ, ഷാർജ- ഇൻഡോർ സർവീസുകൾ റദ്ദാക്കിയതായി എയർ ഇന്ത്യ അറിയിച്ചു. യാത്രക്കാർ റീ ബുക്കിങ്ങിനോ പണം തിരികെ ലഭിക്കുന്നതിനോ എയർ ഇന്ത്യ എക്സ്പ്രസ്സുമായി ബന്ധപ്പെടണമെന്ന് നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

വ്രതശുദ്ധിയുടെ ദിനരാത്രങ്ങൾക്ക് പരിസമാപ്തി കുറിച്ച് ഇസ്‌ലാംമത വിശ്വാസികൾക്ക് ഇന്ന് ചെറിയ പെരുന്നാൾ. പരപ്പനങ്ങാടി ചെട്ടിപ്പടിയിൽ ശവ്വാൽ മാസപ്പിറവി കണ്ടതായി വിശ്വാസ യോഗ്യമായ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഖാസിമാർ ഇന്ന് പെരുന്നാൾ പ്രഖ്യാപിച്ചത്.

പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, കാന്തപുരം A.P അബൂബക്കർ മുസ്‌ലിയാർ, കോഴിക്കോട് ഖാസിമാരായ സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലി, സയ്യിദ് അബ്ദുൽ നാസർ ഹയ്യ് ശിഹാബ് തങ്ങൾ പാണക്കാട്, സയ്യിദ് ഇബ്റാഹീം ഖലീൽ അൽ ബുഖാരി, സയ്യിദ് ജിഫ്രി മുത്തുകോയ തങ്ങൾ തുടങ്ങിയവരാണ് പെരുന്നാൾ പ്രഖ്യാപനം നടത്തിയത്.

............(AUDIO)..............

✪✪✪

ഇസ്ലാമിക വിശ്വാസികൾക്ക് ഗവർണറും, മുഖ്യമന്ത്രിയും സ്പീക്കറും, പ്രതിപക്ഷനേതാവും ഉൾപ്പെടെ പ്രമുഖർ ഈദുൽ ഫിത്തർ ആശംസ നേർന്നു. ആത്മനിയന്ത്രണം, കരുണ തുടങ്ങിയ മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്ന ഈ ആഘോഷം സമൂഹത്തെ കൂടുതൽ സമ്പന്നമാക്കുന്നതായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

അപരന്റെ ദു:ഖത്തിൽ താങ്ങാകാനും, മൈത്രിയുടെയും സ്നേഹത്തിന്റെയും സന്ദേശം നാടാകെ പരത്താനും പെരുനാൾ ആഘോഷങ്ങൾക്ക് കഴിയട്ടെയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആശംസിച്ചു. എന്നാൽ പശ്ചിമേഷ്യയിലെ സംഘർഷാവസ്ഥ ഗൾഫ് രാജ്യങ്ങളിലെ പ്രവാസി സമൂഹത്തെ മാനസിക പിരിമുറുക്കത്തിലേക്കും ആശയക്കുഴപ്പത്തിലേക്കും നയിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. അതിന്റെ പ്രതിഫലനം കേരളത്തിലെ പ്രവാസി കുടുംബങ്ങളെ ബാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സാഹോദര്യത്തിന്റെയും വലിയ ആഘോഷാരവങ്ങളാകട്ടെ ചെറിയ പെരുന്നാൾ എന്ന് നിയമസഭാ സ്പീക്കർ A.N. ഷംസീറിന്റെ പെരുന്നാൾ സന്ദേശത്തിൽ പറഞ്ഞു.

ത്യാഗം, സ്നേഹം, നന്ദി എന്നിവയാണ് ഈദുൽ ഫിത്തർ നൽകുന്ന സന്ദേശമെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

പെരുന്നാൾ ആഘോഷത്തിലെ തിരക്ക് കണക്കിലെടുത്ത് ടൂറിസ്റ്റ് ബോട്ടുടമകൾ സുരക്ഷാ മാർഗനിർദേശങ്ങൾ പാലിക്കണമെന്ന് കോഴിക്കോട്ടെ സീനിയർ പോർട്ട് ഓഫീസർ ആവശ്യപ്പെട്ടു. ലൈഫ് ജാക്കറ്റുകൾ, മതിയായ യോഗ്യത നേടിയ ജീവനക്കാർ, അനുവദനീയമായ യാത്രക്കാരുടെ എണ്ണം എന്നിവ പാലിച്ചില്ലെങ്കിൽ കർശന നടപടിയെടുക്കുമെന്ന് അറിയിപ്പിൽ പറയുന്നു.

✪✪✪

ഓർലിയൻസ് മാസ്റ്റേഴ്സ് ബാഡ്മിന്റണിൽ തൻവി ശർമ്മ, ഇഷാറാണി ബറുവ, മാളവിക ബെൻസോദ് എന്നിവർ വനിതാസിംഗിൾസ് ക്വാർട്ടർ ഫൈനലിൽ കടന്നു. പാരീസിലെ പലൈസ് ഡെസ് സ്പോർട്സിൽ ഇന്ത്യൻ പുരുഷ ഡബിൾസ് ജോഡി, അർജ്ജുൻ മഠത്തിൽ രാമചന്ദ്രൻ- ഹരിഹരൻ അംശക്കരുൺ എന്നിവരും ക്വാർട്ടർ ഫൈനലിലെത്തി. നേരത്തെ പുരുഷ സിംഗിൾസിൽ ക്വാർട്ടറിലെത്തിയ ആയുഷ് ഷെട്ടി ജപ്പാൻ താരത്തോട് തോറ്റു.

✪✪✪

കോഴിക്കോട് ജില്ലയിലെ ഏതാനും പഞ്ചായത്തുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതിനെ തുടർന്ന് പ്രഭവ കേന്ദ്രങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിൽ വളർത്തു പക്ഷികളെ കൊന്നൊടുക്കുന്ന നടപടി നാളെ ആരംഭിക്കും. 14,000 ത്തിൽപ്പരം വളർത്തുപക്ഷികളെ കള്ളിംഗ് ചെയ്യാനാണ് തീരുമാനം. മൃഗസംരക്ഷണവകുപ്പും ജില്ലാഭരണകൂടവും തദ്ദേശ സ്ഥാപനങ്ങളും

ചേർന്നാണ് നടപടി പൂർത്തീകരിക്കുന്നത്. വളർത്തുപക്ഷികളുടെ മുട്ട, ഇറച്ചി, കാഷ്ഠം, മറ്റുത്പന്നങ്ങൾ എന്നിവയുടെ ഉപയോഗവും വിപണനവും കടത്തലും നിരോധിച്ചിട്ടുണ്ട്.

✪✪✪

കേരളത്തിലെ ഏഴ് തെക്കൻ ജില്ലകളിൽ നിന്ന് കരസേനയിൽ അഗ്നിവീർ ആകാൻ ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരം മുതൽ എറണാകുളം വരെ ജില്ലക്കാർക്ക് അപേക്ഷിക്കാം. ഏപ്രിൽ ഒന്നു വരെ അപേക്ഷ നൽകാം.

✪✪✪

കണ്ണൂർ തളിപ്പറമ്പ് തൃച്ചംബരം ശ്രീകൃഷ്ണക്ഷേത്രത്തിലെ ഉത്സവം ഇന്ന് സമാപിക്കും. വൈകീട്ട് കൂടിപ്പിരിയലോടെയാണ് സമാപനം.

✪✪✪

---

*News Reader:* ***അനിൽ ചന്ദ്രൻ***
*News Team:* **: വി കെ സുരേഷ്, ശരണ്യ രാജൻ**
**DEO: ഷീബ**